# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 433** | **01.12. 2015 ൽ മറുപടിക്ക്**

### വൈദ്യുതി നിരക്ക് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം 2015 നവംബർ 30 വരെ എത്ര പ്രാവശ്യം വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) മൂന്നുതവണ, വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 01.07.2012 മുതലും, 01.05.2013 മുതലും, 16.08.2014 മുതലുമാണ്, വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളത്. കാറ്റഗറി തിരിച്ചുള്ള വൈദ്യുതി താരിഫും, വർദ്ധനവും അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (ബി) കെ.എസ്.ഇ.ബി.യ്ക്ക് കുടിശ്ശികയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്; വിശദവിവരം നൽകുമോ; | (ബി) കെ.എസ്.ഇ.ബി യുടെ കുടിശ്ശിക വിവരങ്ങൾ ത്രൈമാസ കണക്കായാണ് തയ്യാറാക്കുന്നത്. അതനുസരിച്ച് 30.09.2015 ൽ ആകെ 1961.57 കോടി രൂപയാണ് വൈദ്യുതി ചാർജ്ജിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്. കുടിശ്ശികയുടെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നു. |

| സ്ഥാപനങ്ങൾ | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| 1. സംസ്ഥാന സർക്കാർ | 120.86 |
| 2. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1106.31 |
| 3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 3.31 |
| 4. കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങൾ | 0.28 |

<table>
<tr>
<td></td>
<td>
<table>
<tr><td>5. കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ</td><td>48.36</td></tr>
<tr><td>6. അന്തർ സംസ്ഥാനം (ഊർജ്ജം)</td><td>5.11</td></tr>
<tr><td>7. സ്വകാര്യസ്ഥാപനങ്ങൾ</td><td>664.69</td></tr>
<tr><td>8. ലൈസൻസികൾ</td><td>12.60</td></tr>
<tr><td>9. സ്വയം ഭരണ സ്ഥാപനങ്ങൾ</td><td>0.05</td></tr>
<tr><td>ആകെ</td><td>1961.57</td></tr>
</table>
</td>
</tr>
<tr>
<td>(സി) കുടിശ്ശിക തുക പിരിച്ചെടുക്കുവാനുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിശദമായ വിവരം നൽകുമോ?</td>
<td>(സി) വാട്ടർ അതോറിറ്റിയാണ് ഏറ്റവും കൂടുതൽ തുക കുടിശ്ശിക വരുത്തിയ ഉപഭോക്താവ്. കുടിശ്ശിക തുക ഈടാക്കുന്നത് സംബന്ധിച്ച് വിവിധ കോടതികളിൽ കേസുകൾ നിലവിലുള്ളതും ലഭിക്കേണ്ട സബ്സിഡി തുക യഥാസമയം ലഭിക്കാതിരിക്കുന്നതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തടസ്സമാകുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്